<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2428**</u> <u>**12-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**കാസർകോഡ് ജില്ലയിൽ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കാസർകോഡ് ജില്ലയിൽ വിവിധ വിഭാഗത്തിൽപ്പെടുന്ന എത്ര റേഷൻ കാർഡ് ഉടമകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| **വിഭാഗം** | **കാർഡുടമകളുടെ എണ്ണം** |
|---|---|
| എ.എ.വൈ | 31347 |
| പ്രയോറിറ്റി | 114411 |
| മുൻഗണനേതര സബ്സിഡി (NPS) | 98253 |
| മുൻഗണനേതര സബ്സിഡിയിതരം (NPNS) | 94232 |
| നോൺ പ്രയോറിറ്റി സ്ഥാപനം (NPI) | 179 |
| **ആകെ** | **338422** |

| | | | |
|---|---|---|---|
| (ബി) | ഈ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യുന്ന സാധനങ്ങൾ ഏതൊക്കെയാണെന്ന് അളവുകൾ സഹിതം വ്യക്തമാക്കാമോ; | (ബി) | വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | കാസർകോഡ് ജില്ലയിലെ റേഷൻ കാർഡ് ഉടമകൾക്ക് നൽകുന്ന അരി ഏതാണെന്ന് വ്യക്തമാക്കാമോ; | (സി) | കാസർകോഡ് ജില്ലയിൽ നെല്ല് സംഭരണത്തിലൂടെ ലഭ്യമാകുന്ന CMR (പ്രധാനമായും മട്ടയരി), പുഴുക്കലരി, പച്ചരി എന്നിവ നൽകി വരുന്നു. |
| (ഡി) | കുറച്ചുകാലമായി ജില്ലയിലെ എല്ലാ കാർഡുടമകൾക്കും പച്ചരിയാണ് വിതരണം ചെയ്യുന്നത് എന്ന് പറയപ്പെടുന്നത് ശരിയാണോ; എങ്കിൽ എത്ര കാലമായി പച്ചരി മാത്രം വിതരണം ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ; | (ഡി) | അല്ല. കേരളത്തിലെ എല്ലാ ജില്ലകളിലും പുഴുക്കലരി, പച്ചരി, CMR എന്നീ മൂന്നിനം അരികളും വിതരണം നടത്തുന്നുണ്ട്. എന്നാൽ കാസർഗോഡ് ഉൾപ്പെടെയുള്ള പല ജില്ലകളിലും ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ പച്ചരി എഫ്.സി.ഐ യിൽ നിന്ന് ലഭിക്കുന്ന സാഹചര്യം നിലവിലുണ്ട്. |
| (ഇ) | കേരളത്തിലെ മറ്റ് ജില്ലകളിൽ പുഴുക്കലരി വിതരണം നടത്തുന്നുണ്ടോ; എങ്കിൽ കാസർകോഡ് ജില്ലയിൽ മാത്രം | (ഇ) | ക്ലോസ് (ഡി) യുടെ ഉത്തരം കണ്ടാലും. |

| | | | |
|---|---|---|---|
| | എന്തുകൊണ്ടാണ് പുഴുക്കലരി വിതരണം ചെയ്യാത്തത് എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | ഓരോ വിഭാഗങ്ങൾക്കുമുള്ള പ്രതിമാസ വിതരണക്രമം | | | | |
|---|---|---|---|---|---|
| ഇനം | എ.എ.വൈ (മഞ്ഞ) | മുൻഗണനാ വിഭാഗം(Priority) (പിങ്ക്) | മുൻഗണനേതര വിഭാഗം–സബ്സിഡി(NPS) (നീല) | മുൻഗണനേതര വിഭാഗം–നോൺ സബ്സിഡി(NPNS) (വെള്ള) | മുൻഗണനേതര സ്ഥാപനം (NPI) (ബ്രൗൺ) |
| അരി | ഓരോ കാർഡിനും 30 കി.ഗ്രാം (സൗജന്യമായി)<br><br>കൂടാതെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള PMGKAY പ്രകാരം 5 കി.ഗ്രാം അരി സൗജന്യമായി (2022 സെപ്റ്റംബർ വരെ) | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം (2 രൂപ നിരക്കിൽ)<br><br>കൂടാതെ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള PMGKAY പ്രകാരം 5 കി.ഗ്രാം അരി സൗജന്യമായി (2022 സെപ്റ്റംബർ വരെ) | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം. (4 രൂപ നിരക്കിൽ) | ഓരോ കാർഡിനും ലഭ്യതയനുസരിച്ച് അതാതു മാസം നിശ്ചയിക്കുന്ന തോതിൽ കി.ഗ്രാമിന് 10.90 രൂപ നിരക്കിൽ | കാർഡൊന്നിന് 2 കി.ഗ്രാം (10.90 രൂപ നിരക്കിൽ) |
| ഗോതമ്പ് | ഓരോ കാർഡിനും 4 കി.ഗ്രാം (സൗജന്യമായി) | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം. (2 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല |
| ആട്ട | 1 കി.ഗ്രാം (6 രൂപ നിരക്കിൽ) | കാർഡിന് അനുവദിച്ചിട്ടുള്ള ആകെ ഗോതമ്പിൽ നിന്ന് 1 കിലോഗ്രാം കുറവു ചെയ്ത് അതിന് പകരം 1 പായ്ക്കറ്റ് ആട്ട (8 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല |
| പഞ്ചസാര | കാർഡിന് 1 കി.ഗ്രാം വീതം (21 രൂപ നിരക്കിൽ) | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| മണ്ണെണ്ണ | E കാർഡിന് (വൈദ്യുതീകരിച്ച വീട്) ½ ലിറ്ററും NE കാർഡിന് (വൈദ്യുതീകരിക്കാത്ത വീട്) 6 ലിറ്ററും 3 മാസത്തിലൊരിക്കൽ ലിറ്ററിന് 102 രൂപ നിരക്കിൽ ലഭിക്കും. | | | | |